DESPATCHED
On..05/03/2020
14/1/20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 584*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *2991/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. അനൂപ് കുമാർ.ബി.കെ**
**പൊന്നുഷസ്, വില്ലൂന്നിയാൽ**
**തേഞ്ഞിപ്പാലം പി.ഒ**
**മലപ്പുറം673 636** } **പരാതി ഹർജിക്കാരൻ**

**Vs**

**1.** **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**ഡെപ്യൂട്ടി രജിസ്ട്രാർ(അഡ്മിൻ)**
**യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്–673 635**

2. **അപ്പീൽ അധികാരി ആന്റ്**
**രജിസ്ട്രാർ**
**യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്–673 635** } **എതിർകക്ഷികൾ**

## **<u>ഉത്തരവ്</u>**

2014ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾക്കും വിവരങ്ങൾക്കും 5 വർഷത്തോളം പഴക്കമുണ്ട്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡീയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരു കക്ഷികൾക്കും നോട്ടീസ് നൽകുകയും ഇരുകക്ഷികളും ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. ആയതിൽ പൂർണ്ണമായ വിവരങ്ങൾ നൽകിയിട്ടില്ലെന്ന് ഹരജിക്കാരനും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ചോദിച്ചിരുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകിയെന്നും ആയതിൽ കൂടുതലായാണ് ഒന്നാം അപ്പീലിലും രണ്ടാം അപ്പീലിലും പറഞ്ഞിരിക്കുന്നതെന്നും ഹർജിക്കാരന് നൽകാനായി പ്രത്യകം രേഖകളില്ലെന്നുമാണ് എസ്.പി.ഐ.ഒ പറഞ്ഞിരിക്കുന്നത്.

3. അപ്പീൽ ഹർജിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ നൽകിയതായി കാണുന്നെങ്കിലും, ഹർജിക്കാരൻ പ്രത്യേകിച്ച് ഒരു രേഖ തരണമെന്ന് ആവശ്യപ്പെട്ടില്ലെങ്കിലും ആയതുമായി ബന്ധപ്പെട്ട എന്തെങ്കിലും രേഖയുണ്ടെങ്കിലും ആയത് നൽകണമെന്നും ആയതിനാൽ ഈ ഫയലുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 ജനുവരി 14–ാം തീയതി തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM



res